©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9 Vol. IX | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2020 ഫെബ്രുവരി 11 11th February 2020 1195 മകരം 28 28th Makaram 1195 1941 മാഘം 22 22nd Magha 1941 | നമ്പർ No. | 453 |

### കേരള സർക്കാർ

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അ) നം. 6/2020/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 4-2-2020.

**എസ്. ആർ. ഒ. നമ്പർ 111/2020**

2018-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2018-ലെ 43) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2018 ഒക്ടോബർ 16-ാം തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 10/2018/പൊ.ഭ.വ നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചതും 2018 ഒക്ടോബർ 16-ാം തീയതിയിലെ 2575-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 716/2018 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിലെ മദ്രസ്സ കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന അംഗമായ അഡ്വ. എ. കെ. ഇസ്മയിൽ വഫ രാജിവച്ച ഒഴിവിലേക്ക് ശ്രീ. യാക്കൂബ് ഫൈസി. ഇ., ഇല്ലങ്ങൽ ഹൗസ്, പി.ഒ. കൊടിയത്തൂർ, മുക്കം -673602, കോഴിക്കോട് -നെ (Sri.Yacoob Faizi E., Ellangal House, P.O. Kodiyathoor, Mukkam – 673602, Kozhikode) അംഗമായി നാമനിർദ്ദേശം ചെയ്തുകൊണ്ടും, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ടിലെ 10-ാം വകുപ്പ്(3)-ാം ഉപവകുപ്പിൽ മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന ആറ് അംഗങ്ങൾ എന്നും മദ്രസ്സ കമ്മിറ്റിയെ പ്രധിനിധീകരിക്കുന്ന ആറ് അംഗങ്ങൾ എന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ശ്രീ. അബ്ദുൾ ലത്തീഫ്, കരിമ്പുലയ്ക്കൽ, പെരുവള്ളൂർ പി. ഒ., കൊണ്ടോട്ടി വഴി, മലപ്പുറം - 673638, ശ്രീ. ഫൈസൽ തറമ്മൽ, തറമ്മൽ ഹൗസ്, വെൺകുളം MLA റോഡ്, ഊരകം, മലപ്പുറം - 676519, എന്നിവരെ മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന അംഗങ്ങളായും ശ്രീ. എ. എം. യൂസഫ്, ആനപ്പറമ്പിൽ ഹൗസ്, മൂലേപ്പാടം, കളമശ്ശേരി, എറണാകുളം- 683104, ശ്രീ. സയ്യിദ് ഹാരിസ് ബാഫഖി തങ്ങൾ, S/o (Late) സയ്യിദ് ഉമർ ബാഫഖി തങ്ങൾ, പി. ഒ. കൊയിലാണ്ടി, കോഴിക്കോട് എന്നിവരെ മദ്രസ്സാ കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന അംഗങ്ങളായും നാമനിർദ്ദേശം ചെയ്തുകൊണ്ട് പ്രസ്തുത വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:–

**ഭേദഗതി**

(1) മേൽപ്പറഞ്ഞ വിജ്ഞാപനത്തിന്റെ പട്ടികയിൽ, (1)-ാം കോളത്തിലെ ക്രമനമ്പർ 5-ന് ശേഷം, ചുവടെ പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:–

| | |
|---|---|
| "6. ശ്രീ.അബ്ദുൾ ലത്തീഫ്,<br>കരിമ്പുലയ്ക്കൽ, പെരുവള്ളൂർ പി.ഒ.,<br>കൊണ്ടോട്ടി വഴി, മലപ്പുറം. | മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന അംഗം. |
| 7. ശ്രീ. ഫൈസൽ തറമ്മൽ,<br>തറമ്മൽ ഹൗസ്,<br>വെൺകുളം MLA റോഡ്,<br>ഊരകം, മലപ്പുറം - 676 519"; | മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന അംഗം. |

(2) നിലവിലുള്ള 6 മുതൽ 9 വരെയുള്ള ക്രമനമ്പരുകൾ 8 മുതൽ 11 വരെയുള്ള ക്രമനമ്പരുകളായി പുനഃക്രമീകരിക്കേണ്ടതും അപ്രകാരം പുനഃക്രമീകരിച്ച ക്രമനമ്പർ 8 ന് എതിരെയുള്ള കോളം (2) ലെ ഉൾക്കുറിപ്പിന് പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതുമാണ്, അതായത്:–

"ശ്രീ. യാക്കൂബ് ഫൈസി. ഇ.,
ഇല്ലങ്ങൽ ഹൗസ്,
പി. ഒ. കൊടിയത്തൂർ, മുക്കം -673602,
കോഴിക്കോട് ";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) പുനഃക്രമീകരിച്ച നമ്പർ 11 ന് ശേഷം, ചുവടെ പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:–

| | | |
|---|---|---|
| "12 | ശ്രീ.എ.എം.യൂസഫ്,<br>ആനപ്പറമ്പിൽ ഹൗസ്,<br>മൂലേപ്പാടം, കളമശ്ശേരി,<br>എറണാകുളം- 683104 | മദ്രസ്സാകമ്മിറ്റിയെ പ്രതിനിധീകരിക്കുന്നഅംഗം. |
| 13 | ശ്രീ.സയ്യിദ് ഹാരിസ് ബാഫഖി തങ്ങൾ,<br>S/o (Late) സയ്യിദ് ഉമർ ബാഫഖി തങ്ങൾ,<br>പി.ഒ. കൊയിലാണ്ടി, കോഴിക്കോട് "; | മദ്രസ്സാകമ്മിറ്റിയെ പ്രതിനിധീകരിക്കുന്നഅംഗം. |

(4) നിലവിലുള്ള 10 മുതൽ 14 വരെയുള്ള ക്രമനമ്പരുകൾ 14 മുതൽ 18 വരെയുള്ള ക്രമനമ്പരുകളായി പുനഃക്രമീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.ഷാജഹാൻ**
*സെക്രട്ടറി*

**വിശദീകരണക്കുറിപ്പ്**

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.

2018-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2018 ലെ 43) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2018 ഒക്ടോബർ 16-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ. 10/2018/പൊ.ഭ.വ നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചതും 2018 ഒക്ടോബർ 16-ാം തീയതിയിലെ 2575-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ. 716/2018 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിലെ മദ്രസ്സ കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന അംഗമായ അഡ്വ. എ.കെ. ഇസ്മയിൽ വഫ രാജിവെച്ച ഒഴിവിലേക്ക് ശ്രീ. യാക്കൂബ് ഫൈസി ഇ., ഇല്ലങ്ങൽ ഹൗസ്, പി.ഒ. കൊടിയത്തൂർ, മുക്കം-673602, കോഴിക്കോട്-നെ (Sri.Yacoob Faizi E., Ellangal House, P.O. Kodiyathoor, Mukkam–673602,Kozhikode) അംഗമായി നാമനിർദ്ദേശം ചെയ്യുകയും, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ടിലെ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന ആറ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അംഗങ്ങൾ എന്നും മദ്രസ്സ കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ആറ് അംഗങ്ങൾ എന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന അംഗങ്ങളായി ശ്രീ. അബ്ദുൽ ലത്തീഫ്, കരിമ്പുലയ്ക്കൽ, പെരുവള്ളൂർ പി.ഒ, കൊണ്ടോട്ടി വഴി, മലപ്പുറം - 673638, ശ്രീ. ഫൈസൽ തറമ്മൽ, തറമ്മൽ ഹൗസ്, വെൺകുളം MLA റോഡ്, ഊരകം, മലപ്പുറം - 676519, മദ്രസ്സകമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന അംഗങ്ങളായി ശ്രീ.എ.എം.യൂസഫ്, ആനപ്പറമ്പിൽ ഹൗസ്, മുലേപ്പാടം, കളമശ്ശേരി, എറണാകുളം- 683104, ശ്രീ. സയ്യിദ് ഹാരിസ് ബാഫഖി തങ്ങൾ, S/o.(Late) സയ്യിദ് ഉമർ ബാഫഖി തങ്ങൾ, പി.ഒ. കൊയിലാണ്ടി, കോഴിക്കോട് എന്നവരെ നാമനിർദ്ദേശം ചെയ്യുന്നതിനും അതിൻപ്രകാരം വിജ്ഞാപനം പ്രസ്തുത ഭേദഗതി ചെയ്യുന്നതിനും കേരള സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by PRADEEP.V.S
Date:2020.02.17 02:08:21 +05:30